"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ജീവനക്കാര്യം- ശ്രീമതി.സിൽവി.വി.ജെ, മൂന്നാംതരം ഓവർസിയർ-ക്ക് സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് നീട്ടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2147/2023/LSGD തീയതി,തിരുവനന്തപുരം, 02-11-2023

പരാമർശം:-
1. 28.02.2023 ലെ സ.ഉ(സാധാ)നം.507/2023/തസ്വഭവ
2. ശ്രീമതി.സിൽവി.വി.ജെ-യുടെ 26.06.2023 ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 12.09.2023 ലെ LSGD/PD/55513/2023-DEE2 നമ്പർ കത്ത്.

**ഉത്തരവ്**

ജോലി സംബന്ധമായ കർത്തവ്യ നിർ വ്വഹണത്തിനിടയിൽ അപകടം സംഭവിച്ചതിനെ തുടർന്ന് പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ മൂന്നാംതരം ഓവർസിയർ ആയ ശ്രീമതി.സിൽ വി.വി.ജെ- യ്ക്ക് 17/01/2023 മുതൽ 2/3/2023 വരെ സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് അനുവദിച്ചിരുന്നു. എന്നാൽ കൃത്യനിർവ്വഹണത്തിനിടെ സംഭവിച്ച പരിക്ക് ഭേദമാകാത്തതിനെ തുടർന്ന് ടിയാരി 03.03.2023 മുതൽ 03.04.2023 വരെ സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് നീട്ടുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയത് അനുവദിച്ച് നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ സൂചന 3 കത്തു പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ മൂന്നാംതരം ഓവർസിയർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിൽവി.വി.ജെ -ക്ക് 03.03.2023 മുതൽ 03.04.2023 വരെ കെ.എസ്.ആർ ഭാഗം 1 റൂൾ 97, 98 ലെ വ്യവസ്ഥകൾ പ്രകാരം സ്പെഷ്യൽ ഡിസെബിലിറ്റി ലീവ് നീട്ടി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1 പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2 ശ്രീമതി.സിൽവി.വി.ജെ, മൂന്നാംതരം ഓവർസിയർ (പ്രിൻ. ഡയറക്ടർ മുഖേന)
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
Date: 02-11-2023 10:30:08
സെക്ഷൻ ഓഫീസർ